**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയ ശ്രീമതി.വി.വൽസലയ്ക്ക് പലിശരഹിത മെഡിക്കൽ അഡ്വാൻസ് മുൻകൂർ അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 235/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 02.02.2019

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 09.10.2018 തിയതിയിലെ ഡിസി1-20230/18 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയ ശ്രീമതി. വി വൽസലയ്ക്ക് ക്യാൻസർ രോഗം ബാധിച്ച് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കായി 3,00,000/- രൂപ പലിശരഹിത വായ്പയായി അനുവദിക്കുന്നതിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, അടിയന്തിരസാഹചര്യം പരിഗണിച്ച് നഗരസഭാ മേയറുടെ മുൻകൂർ അനുമതിയോടെ 3,00,000/- രൂപയുടെ 75% തുകയായ 2,25,000/- (രണ്ട് ലക്ഷത്തിഇരുപത്തി അയ്യായിരം രൂപ മാത്രം) നഗരസഭാകൗൺസിൽ അംഗീകാരത്തോടെ നഗരസഭാ ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയതായും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മുൻകൂറായി തുക അനുവദിച്ച നടപടിക്ക് സാധൂകരണം നൽകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും നഗരകാര്യഡയറക്ടർ പരാമർശം കത്ത് പ്രകാരം സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കൊല്ലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയ ശ്രീമതി.വി.വൽസലയ്ക്ക് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ 2,25,000/- രൂപ(രണ്ട് ലക്ഷത്തിഇരുപത്തി അയ്യായിരം രൂപ മാത്രം) പലിശരഹിത വായ്പയായി നഗരസഭാ ഫണ്ടിൽനിന്നും മുൻകൂറായി അനുവദിച്ച് നൽകിയ നടപടി, ഇപ്രകാരം മുൻകൂറായി അനുവദിച്ച തുക സമയ പരിധിക്കുള്ളിൽ തന്നെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ അഡ്ജസ്റ്റ് ചെയ്യണമെന്നും, ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ തിരിച്ചടയ്ക്കണമെന്നുമുള്ള വ്യവസ്ഥയിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.വി.വൽസല, റവന്യൂ ഇൻസ്പെക്ടർ കൊല്ലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ